പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2780 20.07.2011 ൽ മറുപടിയ്ക്ക്

ശബരിമലയിലും പമ്പയിലുമുള്ള കടകൾക്ക് ഈടാക്കുന്ന വൈദ്യുതി ചാർജ്ജ്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. രാജു എബ്രഹാം | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) |
| എ. ശബരിമലയിലും പമ്പയിലുമുള്ള കടകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് ഓരോ മാസവും ഒ.വൈ.ഇ.സി. അടച്ച് പുതിയ കണക്ഷൻ എടുക്കുന്ന സംവിധാനം തുടങ്ങിയത് എന്നുമുതലാണ് ; <br><br> സി. പ്രസ്തുത കടകളിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിന് മുൻപ് സ്വീകരിച്ചിരുന്ന നടപടികൾ എന്തൊക്കെയായിരുന്നു ; ഇത് മാറ്റാൻ ഇടയാക്കിയ സാഹചര്യം വ്യക്തമാക്കാമോ ; മാറ്റം സംബന്ധിച്ച ഉത്തരവ് ആരാണ് പുറപ്പെടുവിച്ചിട്ടുള്ളത്. | എ. & സി. ശബരിമലയിലും പമ്പയിലും താൽക്കാലിക വൈദ്യുത കണക്ഷൻ നൽകുന്നതിന് നിലവിലുണ്ടായിരുന്ന ഒ.വൈ.ഇ.സി. നിരക്കിന്റെ ഒന്നര മടങ്ങാണ് ഈടാക്കിയിരുന്നത്. ഇതോടൊപ്പം ഫിക്സഡ് ചാർജ്ജ് ഇനത്തിൽ പ്രതിമാസം സിംഗിൾ ഫെയ്സിന് കിലോവാട്ടൊന്നിന് 60 രൂപയും ത്രീഫേയ്സിന് കിലോവാട്ടൊന്നിന് 90 രൂപയും ഈടാക്കിയിരുന്നു. കൂടാതെ യൂണിറ്റ് ഒന്നിന് 15.60 രൂപ നിരക്കിൽ ഒരു മാസത്തെ ശരാശരി ഉപഭോഗത്തിന് അനുസൃതമായ വൈദ്യുത ചാർജ്ജ് മുൻകൂറായി ഈടാക്കുകയും പിന്നീട് യഥാർത്ഥ ഉപഭോഗം കണക്കാക്കി ക്രമീകരിക്കുകയുമാണ് ചെയ്തിരുന്നത്. <br><br> എന്നാൽ ടി. താരിഫ് ചോദ്യം ചെയ്ത ശബരിമല പമ്പ കോൺട്രാക്ടേഴ്സ് ആന്റ് മെർച്ചന്റ്സ് അസോസിയേഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ ഹർജി സമർപ്പിക്കുകയും കോടതി കേരള സംസ്ഥാന ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനെ സമീപിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു. <br><br> ശബരിമലയിലെ താൽക്കാലിക വൈദ്യുത കണക്ഷനുകൾക്കുള്ള താരിഫ്, 27.11.2007 ലെ ഗസറ്റ് വിജ്ഞാപനം അനുസരിച്ചുള്ള LT.III Temporary Connection ന്റെതാണെന്ന് 20.12.2008 ൽ കമ്മീഷൻ ഉത്തരവായി. പ്രസ്തുത ഉത്തരവ് |

അനുസരിച്ച് യൂണിറ്റ് ഒന്നിന് 12 രൂപ നിരക്കിലോ, ഒരു കിലോവാട്ടിന് പ്രതിദിനം 120 രൂപ നിരക്കിലോ(ഏതാണോ അധികം) ആണ് ഈടാക്കേണ്ടത്

എന്നാൽ ടി. നിരക്ക് വൈദ്യുത കണക്ഷൻ നിലവിലുള്ള കാലയളവുമുഴുവൻ നൽകേണ്ടി വന്നത് ഉപഭോക്താക്കൾക്ക് അധിക ബാധ്യതയായി. തൻമൂലം ഒരു വർഷത്തേക്ക് കണക്ഷൻ എടുക്കുന്നതിനു പകരം, ഓരോ മാസവും ആവശ്യമുള്ള ദിവസങ്ങൾക്ക് അനുസൃതമായി കണക്ഷൻ എടുക്കുകയാണ് ഇപ്പോൾ ഉപഭോക്താക്കൾ ചെയ്യുന്നത്.

ബി. ഓരോ മാസവും എത്ര തുക വീതമാണ് ഒ.വൈ.ഇ.സി. ഇനത്തിലും കണക്ഷൻ ചാർജ്ജ് ഇനത്തിലും അടയ്ക്കേണ്ടിവരുന്നത് ;

ബി. ശബരിമലയിൽ താൽക്കാലിക വൈദ്യുതി കണക്ഷൻ നൽകുന്നതിന് കമ്മീഷൻ അംഗീകരിച്ച നിരക്കുകൾ അനുബന്ധം 1 ആയി ചേർക്കുന്നു.

ഡി. യൂണിറ്റിന് എത്ര രൂപയാണ് ശബരിമലയിലും, പമ്പയിലുമുള്ള കടകളിൽ നിന്നും ഈടാക്കുന്നത് ; സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ ഇതേ കണക്റ്റിംഗ് ലോഡിന് ഈടാക്കുന്ന തുക എത്രയാണ് ; ഉത്സവ സീസണിലൊഴികെ വർഷത്തിൽ 5 മാസം മാത്രം പ്രവർത്തിക്കുന്ന ഈ കടകൾക്ക് ഓരോ മാസവും ആറായിരത്തിലേറെ രൂപ ഈടാക്കുന്നതു സംബന്ധിച്ച് കടയുടമകൾ ഹൈക്കോടതിയെ സമീപിച്ചിരുന്നോ ; എങ്കിൽ കോടതിവിധി എന്തായിരുന്നു ; ഇതു സംബന്ധിച്ച് ഇലക്ട്രിസിറ്റി ഓംബുഡ്സ്മാന് നൽകിയ പരാതിയിന്മേൽ തീരുമാനമെടുത്തോ ;

ഡി. ശബരിമലയിലെ താൽക്കാലിക കണക്ഷനുകൾക്ക് യൂണിറ്റ് ഒന്നിന് 12 രൂപ നിരക്കിലോ, ഒരു കിലോവാട്ടിന് പ്രതിദിനം 120 രൂപ നിരക്കിലോ (ഏതാണോ അധികം) ആ നിരക്കിലാണ് ഈടാക്കുന്നത്.

എന്നാൽ ശബരിമലയിലും പമ്പയിലുമുള്ള സ്ഥിരം കണക്ഷനുകൾക്ക് LT.VII.A താരിഫിലോ, LT.VII.B താരിഫിലോ, ആണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. കടകളുടെ കണക്റ്റഡ് ലോഡ് 1000 വാട്ട്സിനു താഴെയോ, പ്രതിമാസം 200 യൂണിറ്റിനു താഴെയോ ആണെങ്കിൽ LT.VII.B താരിഫിലും, അല്ലാത്തവർക്ക് LT.VII.A താരിഫിലുമാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. LT.VII.A യിലെയും LT.VII.B യിലെയും താരിഫ് അനുബന്ധം 2 ആയി ചേർക്കുന്നു. സംസ്ഥാനത്തെ മറ്റു പ്രദേശങ്ങളിൽ ഇതേ മാതൃകയിലാണ് വൈദ്യുതി ചാർജ്ജ് ഈടാക്കുന്നത്. മേൽപ്പറഞ്ഞ താൽക്കാലിക കണക്ഷനുകൾക്കുള്ള താരിഫ് പ്രകാരം നൽകിയിട്ടുള്ള ബില്ലുകൾക്ക് എതിരെ കടയുടമകൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കോടതി പരാതിക്കാരെ സി.ജി.ആർ.എഫിനെ സമീപിക്കുവാൻ നിർദ്ദേശിച്ചു. സി.ജി.ആർ.എഫിന്റെ വിധിക്കെതിരെ പരാതിക്കാർ

| | | | |
|---|---|---|---|
| | | | ഓംബുഡ്സ്മാൻ പരിശോധിക്കുകയും, പരാതിയിന്മേൽ ഓംബുഡ്സ്മാൻ തീരുമാനം എടുക്കുകയും ചെയ്തു. |
| ഇ. | എങ്കിൽ എന്തായിരുന്നു തീരുമാനം ; ആയത് നടപ്പാക്കിയിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ ; | ഇ. | ഓംബുഡ്സ്മാൻ സി.ജി.ആർ.എഫിന്റെ ഉത്തരവ് നിരസിക്കുകയും, ശബരിമല പ്രവൃത്തി ദിവസങ്ങളിൽ മാത്രമായി താൽക്കാലിക കണക്ഷൻ എടുക്കുകയും അതിനുശേഷം കണക്ഷൻ വിച്ഛേദിക്കുകയുമാണ് ഉപഭോക്താവ് ചെയ്യേണ്ടതെന്ന് നിരീക്ഷിക്കുകയുമുണ്ടായി. LT-III Temporary tariff പ്രകാരമുള്ള ഡെയിലി മിനിമം ചാർജ്ജ് ദേവസ്വം ബോർഡ് നിഷ്കർഷിച്ചിട്ടുള്ള വ്യാപാര ദിനങ്ങളിലേക്ക് മാത്രമായി പരിമിതപ്പെടുത്തുവാനും അധികം ഈടാക്കിയ തുക മൂന്നു മാസത്തിനകം തിരികെ നൽകുവാനും ഓംബുഡ്സ്മാൻ ഉത്തരവായി. ഈ ഉത്തരവ് നടപ്പിലാക്കി വരുന്നു. |
| എഫ്. | പഴയ നില പുന:സ്ഥാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | എഫ്. | കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ 20.12.2008-ലെ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഈ നില പുന:പരിശോധിക്കാൻ കഴിയില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 1

| Sl. No. | Particulars | Rate |
|---|---|---|
| 1 | Estimate for LT single phase weather proof service connection upto and including 5kW using static meter without LCD facility | 4500.00 |
| 2 | Estimate for LT single phase weather proof service connection upto and including 5 kW using static meter with LCD facility | 4550.00 |
| 3 | Estimate for LT three phase weather proof service connection upto and including 10 kW using static meter without LCD facility | 7800.00 |
| 4 | Estimate for LT three phase weather proof service connection upto and including 10 kW using static meter with LCD facility | 7950.00 |
| 5 | Estimate for LT three phase weather proof service connection above 10 kW and upto and including 25kW using static meter without LCD facility | 15200.00 |
| 6 | Estimate for LT three phase weather proof service connection above 10 kW and upto and including 25 kW using static meter with LCD facility | 15400.00 |
| 7 | Estimate for LT three phase weather proof service connection above 25 kW and below 50 kVA | 30450.00 |
| 8 | Estimate for providing support pole for weather proof service connection | 4800.00 |

അനുബന്ധം - 2

| LT - VII (A) Commercial | |
|---|---|
| Fixed Charge Rs. per kW or part thereof per month | Single Phase – 50<br>Three Phase – 100 |
| Energy Charge (Paise/kWh) | Up to 100 kWh—545<br>Up to 200 kWh—605<br>Up to 300 kWh—675<br>Up to 500 kWh—730<br>Above 500 kWh—805 |

| LT—VII (B) Commercial | |
|---|---|
| Fixed Charge Rs, per kW or part thereof per month | 30 |
| Energy Charge (Paise/kWh) | Up to 100 kWh 330<br>Above 100 kWh 520 |